**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1761** **13-02-2025 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ ജോയിന്റ് ആർ.ടി.ഒ. ഓഫീസ് മാറ്റുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ ജോയിന്റ് ആർ.ടി.ഒ. ഓഫീസ് പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ കെട്ടിടത്തിലേയ്ക്ക് മാറ്റുന്ന നിർദ്ദേശം പരിഗണനയിൽ ഉണ്ടോ എന്ന് വിശദമാക്കാമോ; | (എ) | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, പയ്യന്നൂർ കെ.എസ്.ആർ.ടി.സി ഡിപ്പോ കെട്ടിടത്തിലേക്ക് മാറ്റുന്നതിലേക്കായി നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>എന്നാൽ പയ്യന്നൂർ താലൂക്ക് ഓഫീസ് സമുച്ചയം മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റാൻ സാദ്ധ്യതയുള്ളതിനാൽ, പ്രസ്തുത ഓഫീസ് മാറുന്ന സമയത്ത് മിനി സിവിൽ സ്റ്റേഷനിൽ ഒഴിവു വരുന്ന സ്ഥലം പയ്യന്നൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് പയ്യന്നൂർ ജോയിന്റ് ആർ.ടി.ഒ ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്.<br><br>ജില്ലാ കളക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട ഫയൽ ഗതാഗത വകുപ്പിൽ നിലവിലുണ്ടോയെന്നും ഉണ്ടെങ്കിൽ ഫയൽ നമ്പർ, കൈകാര്യം ചെയ്യുന്ന സെക്ഷൻ എന്നിവ ഏതെന്നും അറിയിക്കാമോ? | (ബി) | ഇതുമായി ബന്ധപ്പെട്ട സർക്കാരിൽ ഫയലൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ